# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2769 10.03.2017 – ൽ മറുപടിയ്ക്ക്**

**<u>മപ്രം ജി.എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തുന്നതിനുള്ള അപേക്ഷ</u>**

| ചോദ്യം<br>ശ്രീ. ടി.വി. ഇബ്രാഹിം | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ മപ്രം ജി.എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തുന്നതിനുള്ള അപേക്ഷ ഗവൺമെന്റ്, ഡി.പി.ഐ., ഡി.ഡി.ഇ, എസ്.എസ്.എ. എന്നിവ മുമ്പാകെ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) അപേക്ഷ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ആർ.ടി.ഇ. അനുശാസിക്കുന്ന പ്രകാരം മൂന്ന് കിലോമീറ്റർ ദൂരപരിധിയിൽ യു.പി. സൗകര്യം ലഭ്യമാണോ;<br><br>(സി) ഇല്ലെങ്കിൽ കുട്ടികളുടെ അവകാശം ഉറപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതും, സംബന്ധിച്ച് റിട്ട് ഹർജി 3060/14 ഉൾപ്പെടെയുള്ള ഒരു കൂട്ടം ഹർജികളിന്മേൽ 18.06.2015 – ലെ വിധിന്യായ പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V ചട്ടം 2, 2A എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയാണ്. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ സ്ഥലങ്ങൾ 25.05.2016 – ലെ 985 – ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. അപേക്ഷ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് 3 കിലോമീറ്ററിനുള്ളിൽ യു.പി. സ്കൂൾ ഉണ്ടോയെന്നും പ്രസ്തുത സ്ഥലത്തെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ചും പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**